"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ സി.എം.എസ്.എൽ.പി. സ്കൂളിലെ ജൂനിയർ അറബിക് അദ്ധ്യാപികയായ ശ്രീമതി. ബീഗം ഫർസാന. എസ്. ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 40862/2023 ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 07/12/2023 തീയതിയിലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3842/2025/GEDN തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-

1. ശ്രീമതി. ബീഗം ഫർസാന.എസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 40862/2023 ന്മേലുള്ള 07/12/2023 തീയതിയിലെ വിധിന്യായം.
2. ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/12/2023-ലെ AEOCGR/990/23 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09/01/2024-ലെ എഫ്3/467/24/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ സി.എം.എസ്.എൽ.പി. സ്കൂളിലെ ജൂനിയർ അറബിക് അദ്ധ്യാപികയായ ശ്രീമതി. ബീഗം ഫർസാന. എസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 40862/2023 ന്മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ഹർജിക്കാരിയെയും, മറ്റ് ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ട് Ext. P11 റിവിഷൻ ഹർജി തീർപ്പാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 10/01/2024 ന് ഹർജിക്കാരിയുടെ പ്രതിനിധിയേയും മറ്റ് ബന്ധപ്പെട്ട കക്ഷികളെയും അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരി, കോർപ്പറേറ്റ് മാനേജർ എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>

ശ്രീമതി റഷീദാബീവി. എൽജിഎഫ്ടി അറബി ടിച്ചർ, 31/3/2011-ൽ പെൻഷൻ ആയ ഒഴിവിൽ ബീഗം ഫർസാന എസ് -നെ 22/9/2011 മുതൽ എൽജി. എഫ്ടി അറബിക് ടീച്ചറായി കൊല്ലകടവ് സിഎംഎസ്എൽപിഎസ്-ൽ നിയമിച്ചു. എന്നാൽ ടി നിയമനം, അനാദായകരമായ സ്കൂൾ ആണ് എന്നതിനാൽ ടി സ്‌കൂളിൽ ഉണ്ടാവുന്ന ഒഴിവുകളിൽ സംരക്ഷിത അധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന് 12/10/2006 ലെ GO(P) 259/06/G Edn. ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതിനാൽ

ചെങ്ങന്നൂർ എ.ഇ.ഒ, ബീഗംഫർസാന. എസ്. -ന്റെ നിയമനം നിരസിക്കുകയുണ്ടായി. എന്നാൽ 6/2/13 ലെ ഉത്തരവ് പ്രകാരം ഡി.ജി.ഇ ബീഗംഫർസാന. എസ്. -ന്റെ നിയമനം 22/9/11 മുതൽ 31/3/12 വരെ ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിക്കുകയുണ്ടായി. 18/12/2014-ലെ F3/29147/2014/DPI ഉത്തരവിലെ താത്പര്യപ്രകാരം ബീഗംഫർസാന. എസ് -ന്റെ നിയമനം 1/6/12 മുതൽ 31/3/13 വരെ ദിവസവേതന അടിസ്ഥാനത്തിലും 1/6/13 മുതൽ റെഗുലർ സ്കെയിൽ ഓഫ് പേയിലും അംഗീകരിച്ച് എ.ഇ.ഒ. ഉത്തരവാകുകയുണ്ടായി. 27/11/13 ലെ G.O(Rt)No.5061/13/G.Edn. ഉത്തരവ് പ്രകാരം 22/9/2011 മുതലുള്ള നിയമനം റെഗുലർ സ്കെയിൽ ഓഫ് പേയിൽ അംഗീകരിക്കാതിരുന്നത് സ്കൂൾ അനാദായകരമായതിനാലും 10/4/12 ലെ 13402/J2/12/G.Edn. സർക്കുലർ പ്രകാരം റെഗുലർ സ്കെയിൽ ഓഫ് പേയിൽ അംഗീകരിക്കാൻ കഴിയില്ല എന്നതും കൊണ്ടാണ്. 29/8/2014-ലെ 49275/J2/14/G.Edn. സർക്കാർ കത്ത് പ്രകാരം അനാദായകരമായ സ്കൂളുകളിലും ഭാഷാവിഷയങ്ങൾക്ക് മതിയായ എണ്ണം കുട്ടികളുണ്ടെങ്കിൽ ഭാഷാധ്യാപക തസ്തികകൾ അനുവദിക്കാമെന്ന് നിഷ്കർഷിക്കുകയുണ്ടായി. STD 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള ഒരു സ്കൂളിൽ 105-ൽ കുറവാണ് കുട്ടികളുടെ എണ്ണം എങ്കിലും 1/6/16 മുതൽ നിയമിതയായ അറബിക് അധ്യാപകന്റെ നിയമനം 29/8/2014 ലെ 49275/J2/14/G.Edn. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അറബിക്ഭാഷ പഠിക്കുന്നതിന് മതിയായ എണ്ണം കുട്ടികളുള്ളതിനാൽ അംഗീകരിക്കാൻ G.O(Rt) 437/2020/G.Edn dated 23.01.2020 പ്രകാരം ഉത്തരവാകുകയുണ്ടായി. 18/10/21 ലെ GO(Rt)4675/2021/G.Edn. ഉത്തരവ് പ്രകാരം അനാദായകരമായ സ്കൂളുകളിൽ അറബിഭാഷ പഠിക്കുന്നതിന് മതിയായ കുട്ടികൾ ഉള്ളതിനാൽ 29/8/2014 49275/J2/14/G.Edn. സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ അറബിക് അധ്യാപകന്റെ നിയമനം അംഗീകരിക്കാൻ ഉത്തരവായിട്ടുണ്ട്. തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം അറബിഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണം താഴെപറയും പ്രകാരമാണ്.

20/11/12- STD I-10, II-8, III-9, IV-6. ആകെ=33.
20/12/13- STD I-11, II-5, III-6, IV-9 ആകെ=31
2013-14- STD I-12, II-8, III-9, IV-7 ആകെ=36

ആയതിനാൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ഉത്തരവുകളുടെ വെളിച്ചത്തിൽ ബീഗംഫർസാന. എസ് -ന്റെ നിയമനം 22/9/2011 മുതൽ അറബിഭാഷ പഠിക്കുന്നതിന് കെഇആർ അധ്യായം 23 ചട്ടം 2എ പ്രകാരം നിഷ്കർഷിക്കുന്ന കുട്ടികളുടെ എണ്ണമുള്ളതിനാൽ, റെഗുലർ സ്കെയിൽ ഓഫ് പേയിൽ അംഗീകരിക്കാവുന്നതാണ്. ബീഗംഫർസാന. S. -നെ അറബിക് ടീച്ചറായി 22/9/11 മുതൽ നിയമിച്ചത് ഒരു റെഗുലർ ഒഴിവിലാണ്. 2011-12 ലും 2012-13 ലും സ്കൂളിൽ ക്ലാസ് ശരാശരി 15 -ൽ കുറവാണ് കുട്ടികൾ എന്നതിനാൽ 22/9/11 മുതൽ 31/3/12 വരെയും 1/6/12 മുതൽ 31/3/13 വരെയും ദിവസവേതനാടിസ്ഥാനത്തിലും 1/6/13 മുതൽ റെഗുലർ സ്കെയിൽ ഓഫ് പേയിലും ആണ് അംഗീകരിച്ചത്. 29/8/14 ലെ 49275/J2/14/G.Edn സർക്കാർ കത്തിൽ ഭാഷാവിഷയം പഠിക്കുന്നതിന് കെ.ഇ.ആർ. അനുശാസിക്കുന്ന മതിയായ കുട്ടികൾ ഉണ്ടെങ്കിൽ സ്കൂൾ അനാദായകരമാണെങ്കിലും ഭാഷാ അധ്യാപകന്റെ നിയമനം റെഗുലർ സ്കെയിൽ ഓഫ് പേയിൽ നിയമിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011-12 -ൽ 33 കുട്ടികളും 2012-13-ൽ 31 കുട്ടികളും അറബിഭാഷ പഠിക്കുന്നതിന് സ്കൂളിൽ ഉണ്ടെന്ന് തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം വ്യക്തമാണ്. അതിനാൽ 22/9/11 മുതലുള്ള ബീഗംഫർസാന. എസ്. -ന്റെ നിയമനം റെഗുലർ സ്കെയിൽ ഓഫ് പേയിൽ

അംഗീകാരയോഗ്യമാണ്. ബീഗംഫർസാന. എസ് -നെ നിയമിച്ച തസ്തിക പുതിയതായി അനുവദിച്ചതല്ല. പെൻഷൻവഴി ഉണ്ടായ ഒഴിവാണ്. ബീഗംഫർസാന എസ് -ന്റെ 22/9/11 മുതലുള്ള നിയമനം റെഗുലർ സ്കെയിൽ ഓഫ് പേയിൽ അംഗീകരിക്കപ്പെടുന്നപക്ഷം അവർക്ക് 1/4/13 -ന് മുമ്പ് അംഗീകൃതസേവനം സിദ്ധിക്കുന്നതിനാൽ ബീഗംഫർസാന. എസ് സ്റ്റാറ്റ്യൂട്ടറി പെൻഷനുള്ള അർഹത നേടുന്നതാണ്. ഈ സാഹചര്യത്തിൽ, മുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ, ബീഗം ഫർസാന. S. -ന്റെ 22/9/11 മുതലുള്ള എൽജിഎഫ്ടി അറബിക് ടീച്ചർ നിയമനം ഗവൺമെന്റിന്റെ 29/8/14 ലെ 49275/J2/14/G..Edn ഉത്തരവിലെ താല്പര്യപ്രകാരം സ്കെയിൽ ഓഫ് പേയിൽ അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

3) <u>ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.</u>

ചെങ്ങന്നൂർ ഉപജില്ലയിലെ എയ്ഡഡ് എൽ.പി സ്കൂളായ സി.എം.എസ് എൽ.പി. എസ് കൊല്ലകടവിലെ ഫുൾ ടൈം അറബിക് അദ്ധ്യാപികയായിരുന്ന ശ്രീമതി. റഷീദ ബീവി 31.03.2011 ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ടി ഒഴിവിലേക്ക് സി.എം.എസ് സ്കൂൾസ് കോട്ടയം കോർപ്പറേറ്റ് മാനേജർ ശ്രീമതി.ബീഗം ഫർസാനയെ 2011-12 അദ്ധ്യയന വർഷം 22.09.2011 മുതൽ ഫുൾ ടൈം അറബിക് അദ്ധ്യാപികയായി ശമ്പള സ്കെയിലിൽ നിയമിച്ചു. എന്നാൽ 2011-12 വർഷം ടി സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ ഗണത്തിൽപ്പെട്ടതായിരുന്നു.(തസ്തിക നിർണ്ണയ പ്രകാരം 2011-12 വർഷം ടി സ്കൂളിൽ ആകെ സ്റ്റാന്റേർഡ് 1 മുതൽ 4 വരെ 52 കുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ) ആയതിനാൽ ജി.ഒ (പി) നം.259/2006/ജന.എഡ്യൂക്കേഷൻ തീയതി 12.10.2006 പ്രകാരം ശ്രീമതി.ബീഗം ഫർസാനയുടെ, 22.09.2011 മുതലുള്ള ഫുൾ ടൈം അറബിക് തസ്തികയിലെ നിയമനം, ഉത്തരവ് നം. ജി/3156/2011 കെ.ഡിസ് തീയതി 19.10.2011 പ്രകാരം ഈ ആഫീസിൽ നിന്നും നിരസിച്ച ഉത്തരവ് നൽകിയിരുന്നു. ടി ഉത്തരവിനെതിരെ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകിയ അപ്പീൽ പെറ്റീഷൻ ഉത്തരവ് നം. ബി1/9140/2011 കെ.ഡിസ് തീയതി 27.03.2012 പ്രകാരം നിരസിക്കുകയുണ്ടായി. മേൽ ഉത്തരവുകൾക്കെതിരെ കോർപ്പറേറ്റ് മാനേജർ ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ഹർജി നൽകുകയും ടി ഹർജിയുടെ അടിസ്ഥാനത്തിൽ 22.09.2011 മുതൽ 31.03.2012 വരെ ശ്രീമതി. എസ്. ബീഗം ഫർസാനയുടെ എൽ.ജി ഫുൾ ടൈം അറബിക് അദ്ധ്യാപികയുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ നൽകുവാൻ ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നം എഫ്3/66176/12/ഡി.പി.ഐ/കെ.ഡിസ് പൊതുവിദ്യാഭ്യാസം തീയതി 06.02.13 പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം ടിയാളുടെ എൽ.ജി ഫുൾ ടൈം അറബിക് അദ്ധ്യാപികയായി 22.09.2011 മുതൽ 31.03.2012 വരെയുള്ള നിയമനം ഉത്തരവ് നം.ജി/387/2014 കെ.ഡിസ് തീയതി 03.12.2014 പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നൽകി ഉത്തരവായിരുന്നു. 2012-13 അദ്ധ്യയന വർഷവും ടി സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത വിഭാഗത്തിൽപ്പെടുന്ന സ്കൂൾ ആയിരുന്നു. സ്റ്റാന്റേർഡ് 1 മുതൽ നാല് വരെ 50 കുട്ടികൾ മാത്രമാണ് ഉണ്ടായിരുന്നത്. ആയതിനാൽ ശ്രീമതി. ബീഗം ഫർസാനയെ 2012-13 അദ്ധ്യയനവർഷം എൽ.ജി ഫുൾ ടൈം അറബിക് അദ്ധ്യാപികയുടെ 01.06.2012 മുതൽ 31.03.2013 വരെ ദിവസവേതനാടിസ്ഥാനത്തിലും 01.06.2013 മുതൽ ശമ്പള സ്കെയിലിലും നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നം. എഫ്3/20147/2014/ഡി.പി.ഐ തീയതി 10.12.2014 പ്രകാരം ഉത്തരവ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ നിയമനം 01.06.2012 മുതൽ 31.03.2013 വരെ ദിവസവേതനാടിസ്ഥാനത്തിലും 01.06.2013 മുതൽ

ശമ്പള സ്കെയിലിലും ഉത്തരവ് നം.ജി/387/2014/കെ.ഡിസ് തീയതി 23.01.2015 പ്രകാരം നിയമനം ഈ ആഫീസിൽ നിന്നും അനുവദിച്ച് നൽകിയിരുന്നു. (2013-14 അദ്ധ്യയന വർഷം ടി സ്കൂളിൽ 64 കുട്ടികൾ അദ്ധ്യയനം നടത്തിയിരുന്നു. ആയതിനാൽ സി.എം.എസ് എൽ.പി.എസ് കൊല്ലകടവ് 2011-12, 2012-13 എന്നീ അദ്ധ്യയന വർഷങ്ങളിലെ തസ്തിക നിർണ്ണയ പ്രകാരം ടി സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളുടെ വിഭാഗത്തിൽപ്പെടുന്ന സ്കൂൾ ആയതിനാൽ ടി സ്കൂളിലെ നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നൽകുവാൻ കഴിയുമായിരുന്നുള്ളൂ. ആയതിനാലാണ് ശ്രീമതി.ബീഗം ഫർസാന. എസ് ന്റെ എൽ.ജി ഫുൾടൈം തസ്തികയിലെ 2011-12, 2012-13 കാലയളവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയത്.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ഭാഷാ പഠനത്തിനായി മതിയായ എണ്ണം കുട്ടികളുള്ള പക്ഷം പുതിയ തസ്തിക അനുവദിക്കാവുന്നതാണ് എന്ന് മാത്രമാണ് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ 29/08/14 ലെ 49275/J2/14/പൊ.വി.വ കത്തിൽ സർക്കാർ പരാമർശിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ഭാഷാധ്യാപക തസ്തികയിൽ നിയമിക്കപ്പെടുന്ന അധ്യാപകരുടെ നിയമനം, ശമ്പള സ്കെയിൽ അംഗീകരിക്കാവുന്നതാണ് എന്ന് പ്രസ്തുത കത്തിൽ പരാമർശിച്ചിട്ടില്ലാ ത്തതിനാൽ 22/9/11 മുതലുള്ള ബീഗം ഫർസാനയുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിക്കാൻ കഴിയൂ. ആയതിനാൽ Ext P11 ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ടും, അപ്രകാരം പരാമർശം (1) വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാവേലിക്കര
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെങ്ങന്നൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ശ്രീമതി. ബീഗം ഫർസാന എസ്, ജൂനിയർ അറബിക് ടീച്ചർ, സി.എം.എസ്.എൽ.പി. സ്കൂൾ, കൊല്ലക്കടവ്, ചെങ്ങന്നൂർ, ആലപ്പുഴ - 690509
കോർപ്പറേറ്റ് മാനേജർ, സി.എം.എസ് സ്കൂൾസ്, കത്തീഡ്രൽ റോഡ്, കോട്ടയം - 686001
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 13-06-2025 13:21:42